ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിനായിട്ടുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കി വരുന്നു. അത് അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പണി എത്രയും വേഗം നടത്താനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിച്ചിട്ടുണ്ട്.

പുനലൂർ തൂക്കുപാലത്തിലൂടെയുള്ള സഞ്ചാരം

111 [424] ശ്രീ. കെ. എ. ചന്ദ്രൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ തൂക്കുപാലം അടച്ചിട്ടതെന്നാണെന്നും ആരുടെ ഉത്തരവനുസരിച്ചാണ് അടച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) അടച്ച ദിവസം മുതൽ അതിൽ ബാരിക്കേഡ് വച്ച് തടസ്സം സൃഷ്ടിക്കുകയും അതിൽ ആളുകളെ പ്രവേശിപ്പിക്കാതിരിക്കുവാൻ പ്രത്യേകം ജീവനക്കാരെ നിയമിക്കുകയും ചെയ്തുവോ;

(സി) അടച്ചിട്ട പാലത്തിൽ കയറുന്നത് കുറ്റകരമാണോ;

(ഡി) പ്രസ്തുത പാലം അടച്ചതിനുശേഷം ഡി.വൈ.എഫ്.ഐ. പ്രവർത്തകർ അതിൽ കയറി മനുഷ്യച്ചങ്ങല സൃഷ്ടിച്ചുവോ;

(ഇ) ഇപ്രകാരം മനുഷ്യച്ചങ്ങല സൃഷ്ടിച്ചത് പോലീസിന്റെയും മറ്റും സാന്നിദ്ധ്യത്തിലായിരുന്നുവോ; പാലം അടച്ചിട്ടുകൊണ്ടുള്ള ഉത്തരവ് ലംഘിച്ചവരുടെ മേൽ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6-12-2005-ൽ ജില്ലാ കളക്ടറുടെ ഉത്തരവ് അനുസരിച്ച് മുൻസിപ്പാലിറ്റിയും തഹസിൽദാരും ചേർന്നാണ് അടച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) അതെ.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly